# ഖദറിലുള്ള വിശ്വാസവും ഈമാനും

ഡോ: മുഹമ്മദ് മുസ്തഫ അൽജിബാലി

വിവ: മുഹമ്മദ് സിയാദ്

## ആറാമത്തെ സ്തംഭം

‘ജിബ്‌രീലിന്റെ ഹദീഥ്’ (حديث جبريل) എന്നറിയപ്പെടുന്ന വിഖ്യാതമായ ഒരു ഹദീഥുണ്ട്. അതിൽ ജിബ്‌രീൽ(ﷺ) എന്ന മലക്ക് ഒരു അപരിചിതന്റെ രൂപത്തിൽ നബി(ﷺ)യെയും അനുചരന്മാരെയും സുപ്രധാനമായ മതകാര്യങ്ങൾ പഠിപ്പിക്കുന്നതിന് വേണ്ടി സന്ദർശിക്കുന്നത് വിവരിക്കുകയാണ്.[1] ഈ ഹദീഥിൽ, ‘ഈമാൻ എന്നാൽ എന്താണ്?’ എന്ന ജിബ്‌രീൽ(ﷺ)ന്റെ ചോദ്യത്തിന് നബി(ﷺ) ഇങ്ങനെ മറുപടി പറയുന്നു:

أَنْ تُؤْمِنَ بِاللَّهِ وَمَلاَئِكَتِهِ وَكُتُبِهِ وَرُسُلِهِ وَالْيَوْمِ الآخِرِ وَتُؤْمِنَ بِالْقَدَرِ خَيْرِهِ وَشَرِّهِ

“ഈമാൻ എന്നാൽ അല്ലാഹുവിലും അവന്റെ മലക്കുകളിലും വേദഗ്രന്ഥങ്ങളിലും അവന്റെ ദൂതന്മാരിലും അന്ത്യനാളിലും ഖദറിലും അതിന്റെ നന്മയിലും തിന്മയിലും[2] വിശ്വസിക്കലാണ്[3].

ഈ ഹദീഥ് ഈമാനി(വിശ്വാസത്തി)ന്റെ ആറ് സ്തംഭങ്ങൾ പരാമർശിക്കുന്നു.

1. അല്ലാഹുവിലുള്ള വിശ്വാസം
2. മലക്കുകളിലുള്ള വിശ്വാസം
3. വേദഗ്രന്ഥങ്ങളിലുള്ള വിശ്വാസം
4. ദൂതന്മാരിലുള്ള വിശ്വാസം
5. അന്ത്യനാളിലുള്ള വിശ്വാസം
6. ഖദറിലുള്ള വിശ്വാസം (അഥവാ വിധിവിശ്വാസം)

ഈ സ്തംഭങ്ങളിലെല്ലാം നാം വിശ്വസിക്കണം. രണ്ട് മുതൽ ആറ് വരെയുള്ള ഏതെങ്കിലും സ്തംഭങ്ങളെ നിഷേധിക്കുന്നത് അല്ലാഹുവിലുള്ള വിശ്വാസത്തെ തന്നെ നിഷേധിക്കുന്നതിന് തുല്യമാണ്. കാരണം ഈ ഓരോ സ്തംഭങ്ങളും അല്ലാഹുവിന്റെ ഔന്നത്യത്തിന്റെയും പരമാധികാരത്തിന്റെയും വശങ്ങളെയാണ് പ്രതിഫലിപ്പിക്കുന്നത്. അതിനെ നിഷേധിക്കുകയെന്നാൽ ഉന്നതമായ അവന്റെ ചില വിശേഷണങ്ങളെ നിഷേധിക്കുന്നതിന് തുല്യമാണ്. ഉദാഹരണമായി, അന്ത്യനാളിലുള്ള വിശ്വാസത്തെ നിഷേധിക്കുക എന്നത് നമ്മെ സൃഷ്ടിച്ചതിലുള്ള അല്ലാഹുവിന്റെ സമ്പൂർണ്ണമായ ജ്ഞാനത്തെയും നമ്മോടുള്ള അവന്റെ സമഗ്രമായ നീതിയെയും നിഷേധിക്കുന്നതിന് തുല്യമാണ്.

അതുപോലെ, അല്ലാഹുവിന്റെ ചില സുപ്രധാന ഗുണങ്ങളെ പ്രതിനിധീകരിക്കുന്നതാണ് ഖദർ. നമുക്കത് വഴിയേ കാണാം. അല്ലാഹുവിലുള്ള വിശ്വാസവുമായി അഭേദ്യമാംവിധം ബന്ധപ്പെട്ടുകിടക്കുന്ന ഒന്നാണ് ഖദറിലുള്ള വിശ്വാസം.

---

[1] അനുബന്ധം 1 കാണുക

[2] ഈ ഹദീഥിൽ സൂചിപ്പിച്ച ‘നന്മയും തിന്മയും’ ആളുകളുടെ ആപേക്ഷികമായ നന്മയും തിന്മയും ആണ് എന്നത് പിന്നീട് വിശദീകരിക്കുന്നുണ്ട്. എന്നാൽ യഥാർത്ഥത്തിൽ, അല്ലാഹു സൃഷ്ടിച്ചതെല്ലാം കേവലമായ നന്മയാണ്.

[3] ബുഖാരി, മുസ്‌ലിം

## ഖദറിൽ വിശ്വസിക്കുന്നതിന്റെ പ്രാധാന്യം

### ഖദറിലുള്ള വിശ്വാസം ഈമാനിന് അനുപേക്ഷണീയമാണ്

ഒരു മനുഷ്യൻ ഖദറിൽ വിശ്വസിക്കുന്നത് വരെ അവനെ വിശ്വാസിയായി പരിഗണിക്കുകയില്ല. അലി(ﷺ) നിവേദനം: നബി(ﷺ) പറഞ്ഞു:

لاَ يُؤْمِنُ عَبْدٌ حَتَّى يُؤْمِنُ بِأَرْبَعٍ :يَشْهَدُ أَنْ لاَ إِلَهَ إِلاَّ اللَّهُ وَأَنِّي رَسُولُ اللهِ بَعَثَنِي بِالْحَقِّ، وَيُؤْمِنُ بِالْمَوْتِ وَبِالْبَعْثِ بَعْدَ الْمَوْتِ، وَيُؤْمَنُ بِالْقَدَرِ

"നാല് കാര്യങ്ങളിൽ വിശ്വസിക്കുന്നത് വരെ ഒരു അടിമ സത്യവിശ്വാസിയാവുകയില്ല.
1. അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ലെന്ന് സാക്ഷ്യം വഹിക്കുക.
2. ഞാൻ സത്യസന്ദേശവുമായി അയക്കപ്പെട്ട അല്ലാഹുവിന്റെ ദൂതനാണെന്ന് സാക്ഷ്യം വഹിക്കുക.
3. മരണത്തിലും മരണശേഷമുള്ള ഉയിർത്തെഴുന്നേൽപിലും വിശ്വസിക്കുക.
4. ഖദറിൽ സമ്പൂർണ്ണമായി വിശ്വസിക്കുക.[4]

ജാബിറുബ്നു അബ്ദില്ല നിവേദനം: നബി(ﷺ) പറഞ്ഞു:

لاَ يُؤْمِنُ عَبْدٌ حَتَّى يُؤْمِنَ بِالْقَدَرِ خَيْرِهِ وَشَرِّهِ حَتَّى يَعْلَمَ أَنَّ مَا أَصَابَهُ لَمْ يَكُنْ لِيُخْطِئَهُ وَأَنَّ مَا أَخْطَأَهُ لَمْ يَكُنْ لِيُصِيبَهُ

"ഖദറിൽ -അതിന്റെ നന്മയിലും തിന്മയിലും വിശ്വസിക്കുന്നത് വരെ ഒരടിമ വിശ്വാസിയാവുകയില്ല. അതായത്, അവന്ന് ബാധിച്ചതൊന്നും അവനിൽ നിന്നും ഒഴിഞ്ഞുപോകേണ്ടതല്ലെന്നും അവനിൽ നിന്നും ഒഴിഞ്ഞുപോയതൊന്നും അവന്ന് ബാധിക്കേണ്ടതല്ലെന്നും അവൻ അറിയുന്നത് വരെ."[5]

സൈദ് ഇബ്നു ഥാബിതും ഉബയ്യ് ഇബ്നു കഅ്ബും മറ്റും നിവേദനം. നബി(ﷺ) പറഞ്ഞു:

لَوْ أَنَّ اللَّهَ عَذَّبَ أَهْلَ سَمَوَاتِهِ وَأَهْلَ أَرْضِهِ عَذَّبَهُمْ وَهُوَ غَيْرُ ظَالِمٍ لَهُمْ وَلَوْ رَحِمَهُمْ كَانَتْ رَحْمَتُهُ خَيْرًا لَهُمْ مِنْ أَعْمَالِهِمْ وَلَوْ أَنْفَقْتَ مِثْلَ أُحُدٍ ذَهَبًا فِي سَبِيلِ اللَّهِ مَا قَبِلَهُ اللَّهُ مِنْكَ حَتَّى تُؤْمِنَ بِالْقَدَرِ وَتَعْلَمَ أَنَّ مَا أَصَابَكَ لَمْ يَكُنْ لِيُخْطِئَكَ وَأَنَّ مَا أَخْطَأَكَ لَمْ يَكُنْ لِيُصِيبَكَ وَلَوْ مُتَّ عَلَى غَيْرِ هَذَا لَدَخَلْتَ النَّارَ

"അല്ലാഹു അവന്റെ ആകാശങ്ങളിലും ഭൂമിയിലുമുള്ളവരെ ശിക്ഷിക്കുകയാണെങ്കിൽ, അതൊരിക്കലും അനീതിയാവുകയില്ല. ഇനി അവൻ അവരോട് കരുണ ചെയ്യുകയാണെങ്കിൽ, അവന്റെ കാരുണ്യം അവരുടെ കർമങ്ങളേക്കാൾ ഉത്തമമായിരിക്കും. നീ ഉഹ്ദ് മലയോളം സ്വർണ്ണം അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിച്ചാലും അവൻ നിന്നിൽ നിന്നും അത് സ്വീകരിക്കുകയില്ല- നീ ഖദറിൽ വിശ്വസിക്കുകയും, നിനക്ക് ബാധിക്കുന്നത് നിന്നിൽ നിന്നും ഒഴിഞ്ഞ് പോകേണ്ടതല്ലെന്നും നിന്നിൽ നിന്നും ഒഴിഞ്ഞുപോയത് നിനക്ക് ബാധിക്കേണ്ടതല്ലെന്നും അറിയുകയും ചെയ്യുന്നത വരെ."[6]

## ഖദർ നിഷേധിക്കുന്നവർക്ക് കഠിനമായ ശിക്ഷയുണ്ട്

ഖദറിനെ നിഷേധിക്കുന്നത് ഇരു ജീവിതത്തിലും ശിക്ഷക്ക് കാരണമാകുന്ന ഗുരുതരമായ അവിശ്വാസ മാണ്. ഖദർ നിഷേധികൾക്ക് അനുഭവിക്കാനുള്ള ഐഹിക ശിക്ഷയെ സംബന്ധിച്ച് ഒരു ഹദീഥുണ്ട്.

അബ്ദുല്ല ഇബ്നു ഉമർ(ﷺ) നിവേദനം: നബി(ﷺ) പറഞ്ഞു:

يَكُونُ فِي أُمَّتِي خَسْفٌ وَمَسْخٌ وَذَلِكَ فِي الْمُكَذِّبِينَ بِالْقَدَرِ

"എന്റെ സമുദായത്തിൽ ഭൂകമ്പങ്ങളും (മൃഗങ്ങളിലേക്കുള്ള) രൂപ പരിണാമങ്ങളുമുണ്ടാകും. ഖദറിനെ നിഷേധിക്കുന്നവരിലാണ് അതുണ്ടാവുക."[7]

---

[4] തിർമിദി, ഇബ്നുമാജ തുടങ്ങിയവർ റിപ്പോർട്ട് ചെയ്തത്. അൽബാനി സ്വഹീഹാണെന്ന് ഉറപ്പ് വരുത്തി. (മിശ്കാത്ത് :100, അസ്സുന്ന: 130)

[5] തിർമിദി, ഇബ്നു അദിയ്യ്. അൽബാനി. സ്വഹീഹാണെന്ന് ഉറപ്പുവരുത്തി (അസ്സഹീഹ: 2439)

[6] അഹ്മദ്, അബൂദാവൂദ് തുടങ്ങിയവർ. അൽബാനി സ്വഹീഹാണെന്ന് ഉറപ്പുവരുത്തി- മിശ്കാത്ത്: 111, അസ്വഹീഹ: 2439.

[7] തിർമിദി, അബൂദാവൂദ്. അൽബാനി ഹസൻ ആണെന്ന് പറഞ്ഞു- മിശ്കാത്ത് 102

അതിന് പുറമെ, പരലോക ജീവിതത്തിലും വമ്പിച്ച ഒരു ശിക്ഷ ഖദർ നിഷേധികളെ കാത്തുനിൽക്കുന്നുണ്ട്. അബൂഹുറയ്റ(ﷺ) നിവേദനം: ഖുറൈശികളായ മുശ്‌രിക്കുകൾ ഖദ്റിന്റെ വിഷയത്തിൽ നബി(ﷺ)യുമായി തർക്കിച്ചപ്പോൾ അല്ലാഹു ഇപ്രകാരം ആയത്ത് അവതരിപ്പിച്ചു.

﴿ يَوْمَ يُسْحَبُونَ فِي ٱلنَّارِ عَلَىٰ وُجُوهِهِمْ ذُوقُوا۟ مَسَّ سَقَرَ ﴿٤٨﴾ إِنَّا كُلَّ شَيْءٍ خَلَقْنَٰهُ بِقَدَرٍ ﴿٤٩﴾ ﴾ القمر: ٤٨ - ٤٩
‘‘മുഖം നിലത്തു കുത്തിയനിലയിൽ അവർ നരകാഗ്നിയിലൂടെ വലിച്ചിഴക്കപ്പെടുന്ന ദിവസം. (അവരോട് പറയപ്പെടും:) നിങ്ങൾ നരകത്തിന്റെ സ്പർശനം അനുഭവിച്ച് കൊള്ളുക. തീർച്ചയായും ഏതു വസ്തുവെയും നാം സൃഷ്ടിച്ചിട്ടുള്ളത് ഒരു വ്യവസ്ഥപ്രകാരമാകുന്നു.’’ (സൂറ അൽഖമർ 48-49)[8]

## ഖളാ-ഖദറിന്റെ വിവക്ഷ

അല്ലാഹുവിന്റെ വിധിയെ രണ്ട് പദങ്ങൾ കൊണ്ടാണ് സാധാരണ വിശദീകരിക്കാറുള്ളത്. ഖളാ, ഖദർ. പ്രസ്തുത സംജ്ഞകളുടെ ഭാഷാർത്ഥങ്ങളും അവതമ്മിലുള്ള ബന്ധവുമാണ് താഴെ വിവരിക്കുന്നത്.

### ‘ഖളാ’ (قَضَىٰ) എന്ന പദം

‘ഖളാ’ എന്ന പദവും അതിന്റെ വ്യത്യസ്ത രൂപങ്ങളും അറുപതിലധികം തവണ ഖുർആനിൽ വരുന്നുണ്ട്. അതിന് വ്യത്യസ്ത അർത്ഥങ്ങളുമാണുള്ളത്. അതിൽ പലതും താഴെ വരുന്ന രൂപത്തിലാണ്.

1. **വിധിക്കുക** എന്ന അർത്ഥത്തിൽ.

ഉദാഹരണമായി അല്ലാഹു പറയുന്നു:

﴿ ۞ وَقَضَىٰ رَبُّكَ أَلَّا تَعْبُدُوٓا۟ إِلَّآ إِيَّاهُ وَبِٱلْوَٰلِدَيْنِ إِحْسَٰنًا ﴾ الإسراء: ٢٣
“തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും മാതാപിതാക്കൾക്ക് നന്മ ചെയ്യണമെന്നും നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു (ഇസ്റാഅ് 23)

അല്ലാഹു പറയുന്നു:

﴿وَمَا كَانَ لِمُؤْمِنٍ وَلَا مُؤْمِنَةٍ إِذَا قَضَى ٱللَّهُ وَرَسُولُهُۥٓ أَمْرًا أَن يَكُونَ لَهُمُ ٱلْخِيَرَةُ مِنْ أَمْرِهِمْ ﴾ الأحزاب: ٣٦
“അല്ലാഹുവും അവന്റെ റസൂലും ഒരു കാര്യത്തിൽ വിധിച്ചു കഴിഞ്ഞാൽ സത്യവിശ്വാസിയായ ഒരു പുരുഷനാകട്ടെ സ്ത്രീക്കാകട്ടെ, തങ്ങളുടെ കാര്യത്തിൽ സ്വതന്ത്രമായ അഭിപ്രായം ഉണ്ടായിരിക്കാവുന്നതല്ല.“ (സൂറ അഹ്സാബ് 36)

2. **പരിസമാപ്തി, പൂർണ്ണത, അവസാനിപ്പിക്കൽ (കഥകഴിക്കുക** എന്നതും ഉൾപ്പെടും)

ഉദാഹരണമായി, അല്ലാഹു പറയുന്നു:

﴿ هَلْ يَنظُرُونَ إِلَّآ أَن يَأْتِيَهُمُ ٱللَّهُ فِي ظُلَلٍ مِّنَ ٱلْغَمَامِ وَٱلْمَلَٰٓئِكَةُ وَقُضِيَ ٱلْأَمْرُ ۚ وَإِلَى ٱللَّهِ تُرْجَعُ ٱلْأُمُورُ ﴿٢١٠﴾ ﴾ البقرة: ٢١٠
“മേഘമേലാപ്പിൽ അല്ലാഹുവും മലക്കുകളും അവരുടെയടുത്ത് വരുകയും കാര്യം അവസാനിപ്പിക്കപ്പെടുകയും ചെയ്യുന്നത് മാത്രമാണോ അവർ കാത്തിരിക്കുന്നത്? എന്നാൽ കാര്യങ്ങളെല്ലാം അല്ലാഹുവിങ്കലേക്കാകുന്നു മടക്കപ്പെടുന്നത്.” (സൂറ ബഖറ 210)

അല്ലാഹു പറയുന്നു:

[8] അബൂഹുറയ്റ(ﷺ)യിൽ നിന്നുള്ള ഈ ഹദീഥ് മുസ്‌ലിം, തിർമിദി എന്നിവരും മറ്റും റിപ്പോർട്ട് ചെയ്തതാണ്.

﴿ فَوَكَزَهُۥ مُوسَىٰ فَقَضَىٰ عَلَيۡهِۖ ﴾ القصص: ١٥

"അപ്പോൾ മൂസാ അവനെ മുഷ്ടി ചുരുട്ടി ഇടിച്ചു. അതവന്റെ കഥ കഴിച്ചു. (സൂറ. ഖസസ് 15)

3. **സൃഷ്ടിക്കുക** അല്ലെങ്കിൽ **ഉണ്ടാക്കുക.**

ഉദാഹരണമായി അല്ലാഹു പറയുന്നു.

﴿ فَقَضَىٰهُنَّ سَبۡعَ سَمَٰوَاتٖ فِي يَوۡمَيۡنِ ﴾ فصلت: ١٢

"അങ്ങനെ രണ്ട് ദിവസങ്ങളിലായി അവയെ അവൻ ഏഴ് ആകാശങ്ങൾ ആക്കിത്തീർത്തു " (സൂറ. ഫുസ്സിലത്ത് 12)

4. **അല്ലാഹുവിന്റെ പൂർവ്വജ്ഞാനത്തിന്റെയടിസ്ഥാനത്തിലുള്ള തീരുമാനം** അല്ലെങ്കിൽ **ഉത്തരവ്.**

ഉദാഹരണമായി, അല്ലാഹു പറയുന്നു:

﴿ بَدِيعُ ٱلسَّمَٰوَٰتِ وَٱلۡأَرۡضِۖ وَإِذَا قَضَىٰٓ أَمۡرٗا فَإِنَّمَا يَقُولُ لَهُۥ كُن فَيَكُونُ ١١٧ ﴾ البقرة: ١١٧

"ആകാശങ്ങളെയും ഭൂമിയെയും മുൻ മാതൃകയില്ലാതെ സൃഷ്ടിച്ചവനത്രെ അവൻ. അവനൊരു കാര്യം തീരുമാനിച്ചാൽ 'ഉണ്ടാകൂ' എന്ന് പറയുക മാത്രമേ വേണ്ടതുള്ളൂ. ഉടനെ അതുണ്ടാകുന്നു." (സൂറ. അൽബഖറ 117)

അല്ലാഹു പറയുന്നു:

﴿ وَكَانَ أَمۡرٗا مَّقۡضِيّٗا ٢١ ﴾ مريم: ٢١

"അത് തീരുമാനിക്കപ്പെട്ട ഒരു കാര്യമാണ്." (സൂറ. മർയം 21)

മുകളിൽ പറഞ്ഞ അർത്ഥങ്ങളെല്ലാം പരസ്പരം ബന്ധപ്പെട്ടുകിടക്കുന്നതെങ്കിലും, അവസാനം പറഞ്ഞ വിഷയമാണ് ഏറ്റവും പ്രസക്തമായത്.

## 'ഖദർ' (قَدَر) എന്ന പദം

'ഖദർ' എന്ന പദവും അതിന്റെ വ്യത്യസ്ത രൂപങ്ങളും ഖുർആനിൽ വ്യത്യസ്ത അർഥങ്ങളിലാണുള്ളത്. അതിൽ പലതും താഴെ വരുന്ന രൂപത്തിലാണ്.

1. **അളവ്** അല്ലെങ്കിൽ **തോത്.**

അല്ലാഹു പറയുന്നു:

﴿ وَإِن مِّن شَيۡءٍ إِلَّا عِندَنَا خَزَآئِنُهُۥ وَمَا نُنَزِّلُهُۥٓ إِلَّا بِقَدَرٖ مَّعۡلُومٖ ٢١ ﴾ الحجر: ٢١

"യാതൊരു വസ്തുവും നമ്മുടെ പക്കൽ അതിന്റെ ഖജനാവുകൾ ഉള്ളതായിട്ടല്ലാതെയില്ല. (എന്നാൽ), ഒരു നിർണിതമായ തോതനുസരിച്ചല്ലാതെ നാമത് ഇറക്കുന്നതല്ല." (സൂറ. ഹിജ്ർ 21)

2. **ആദരിക്കൽ** അല്ലെങ്കിൽ **കണക്കാക്കൽ.**

ഉദാഹരണമായി അല്ലാഹു പറയുന്നു.

﴿ وَمَا قَدَرُواْ ٱللَّهَ حَقَّ قَدۡرِهِۦ ﴾ الزمر: ٦٧

"അവർ അല്ലാഹുവിനെ കണക്കാക്കേണ്ട പ്രകാരം കണക്കാക്കിയിട്ടില്ല " (സൂറ. സുമർ 67)

3. **അല്ലാഹുവിന്റെ കഴിവും ശക്തിയും** അതാണ് اَلْقَدِير**(കഴിവുള്ളവൻ)** എന്ന അവന്റെ നാമം ബോധ്യപ്പെടുത്തുന്നത്.

ഉദാഹരണമായി അല്ലാഹു പറയുന്നു:

﴿إِنَّ ٱللَّهَ عَلَىٰ كُلِّ شَيْءٍ قَدِيرٌ ﴾ البقرة: ٢٠

"നിസ്സംശയം, അല്ലാഹു ഏത് കാര്യത്തിനും കഴിവുള്ളവനാകുന്നു. " (സൂറ ബഖറ: 20)

ഇമാം അഹ്മദ് പറഞ്ഞു:

القدر قدرة الله

"ഖദർ എന്നത് അല്ലാഹുവിന്റെ 'ഖുദ്റത്ത്' (കഴിവ്) ആണ്."[9]

4. **അല്ലാഹുവിന്റെ പൂർവ്വജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ സൃഷ്ടികൾക്ക് വേണ്ടി എല്ലാ കാര്യത്തിലുമുള്ള അല്ലാഹുവിന്റെ വ്യവസ്ഥ.**

ഉദാഹരണമായി, അല്ലാഹു പറയുന്നു:

﴿إِنَّا كُلَّ شَيْءٍ خَلَقْنَٰهُ بِقَدَرٍ ﴾ القمر: ٤٩

"തീർച്ചയായും ഏതു വസ്തുവെയും നാം സൃഷ്ടിച്ചിട്ടുള്ളത് ഒരു വ്യവസ്ഥ പ്രകാരമാകുന്നു" (സൂറ. ഖമർ 49)

അല്ലാഹു പറയുന്നു:

﴿وَكَانَ أَمْرُ ٱللَّهِ قَدَرًا مَّقْدُورًا ﴾ الأحزاب: ٣٨

"അല്ലാഹുവിന്റെ കൽപന ഖണ്ഡിതമായ ഒരു വിധിയാകുന്നു." (സൂറ. അഹ്സാബ് 38)

ഇവിടെയും മുകളിൽ പറഞ്ഞ അർത്ഥങ്ങളെല്ലാം പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നതാണ്. എന്നാൽ അവസാനം പറഞ്ഞതാണ് നമ്മുടെ ചർച്ചയിൽ ഏറ്റവും പ്രസക്തമായത്.

## 'ഖദ്ർ' (قَدْر–ദാലിന് സുകൂൻ) എന്ന പദം

'ഖദ്ർ' قَدْر എന്ന പദത്തിന് സാധാരണയായി 'ഖദർ' قَدَر എന്നതിന്റെ അതേ അർത്ഥമാണ് വരിക.[10] അതായത് തോത്, വിധി, തീരുമാനം എന്നൊക്കെയുള്ള അർത്ഥങ്ങൾ. ഉദാഹരണമായി, അല്ലാഹു പറയുന്നു:

﴿إِنَّا أَنزَلْنَٰهُ فِى لَيْلَةِ ٱلْقَدْرِ ﴿١﴾ وَمَا أَدْرَىٰكَ مَا لَيْلَةُ ٱلْقَدْرِ ﴿٢﴾ لَيْلَةُ ٱلْقَدْرِ خَيْرٌ مِّنْ أَلْفِ شَهْرٍ ﴿٣﴾﴾ القدر: ١ - ٣

"തീർച്ചയായും നാം ഇതിനെ (ഖുർആനിനെ) ഖദ്റിന്റെ രാത്രിയിൽ അവതരിപ്പിച്ചിരിക്കുന്നു. ഖദ്റിന്റെ രാത്രി എന്നാൽ എന്താണെന്ന് നിനക്കറിയാമോ? ഖദ്റിന്റെ രാത്രി ആയിരം മാസത്തേക്കാൾ ഉത്തമമാകുന്നു." (സൂറ. ഖദ്ർ 1-3)

ഖദ്റിന്റെ രാത്രി അഥവാ 'ലൈലത്തുൽ ഖദ്ർ' എന്നത് അല്ലാഹു തന്റെ ആണ്ടുതോറുമുള്ള ഉത്തരവുകൾ ഇറക്കുകയും സൃഷ്ടികളുമായി ബന്ധപ്പെട്ട കാര്യങ്ങളുടെയെല്ലാം തോത് നിർണയിക്കുകയും ചെയ്യുന്ന ഒരു രാത്രിയാണ്.

## സംക്ഷേപം

[9] ഇമാം അഹ്മദിനോടുള്ള ഇബ്നു ഹാനിയുടെ ചോദ്യങ്ങൾ വാ.2, പേ. 155
[10] ലിസാനുൽ അറബ് കാണുക.

മുകളിലുദ്ധരിച്ച ഉദാഹരണങ്ങളിൽ നിന്നും ‘ഖളാ’ قَضَى എന്നതും ‘ഖദർ’ قَدَر എന്നതും ആശയപരമായി പരസ്പരം ബന്ധിതമാണെന്നും ഒന്ന് മറ്റൊന്നിലേക്ക് വഴിവെക്കുന്നതാണെന്നും കാണാം.

ഖദർ എന്നത് ഖളാഇന്റെ അർത്ഥത്തിൽ വരും. കാരണം, അല്ലാഹുവിന്റെ ഖദർ (വിധി) പിന്നീട് അവന്റെ ‘ഖളാ’ (തീരുമാനം) ആയി മാറുന്നതാണ്.

അതുപോലെ ഖളാ എന്നത് ഖദറിന്റെ ആശയത്തിലും വരും. കാരണം അല്ലാഹുവിന്റെ ഖളാ (തീരുമാനം) അവന്റെ ഖദറിനെ (വിധി) മുൻകടന്നിട്ടുണ്ടാകണം.

‘ഖളാ’യും ‘ഖദറും’ അല്ലാഹുവിന്റെ മുൻകൂട്ടിയുള്ള അറിവിന്റെ അടിസ്ഥാനത്തിലുള്ള അവന്റെ തീരുമാനവും വിധിയുമാണ്. അവ സൃഷ്ടികളുടെ മേലുള്ള അവന്റെ ആധിപത്യത്തിന്റെയും ഉടമസ്ഥതയുടെയും പ്രകടനമാണ്. താൻ പ്രവർത്തിക്കുന്നതിനെകുറിച്ച് ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്ത രക്ഷിതാവാണ് അല്ലാഹു എന്നതിനെ അത് പ്രതിഫലിപ്പിക്കുന്നു.

പദങ്ങളെയും ആശയങ്ങളെയും സൂചിപ്പിക്കുന്നതിന് വേണ്ടി ഈ രചനയിൽ നാം കൂടുതലും ഉപയോഗിക്കുന്നത് ഖദർ (അല്ലാഹുവിന്റെ വിധി) എന്ന പദമായിരിക്കും.

## ഖദർ മനസ്സിലാക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ

ഖദർ മനസ്സിലാക്കുന്നതിനായി താഴെ പറയുന്ന സുപ്രധാന തത്വങ്ങൾ നാം ഓർത്തിരിക്കേണ്ടതുണ്ട്.

### 1. ഗൈബിയായ അറിവ്

മനുഷ്യന്റെ ധാരണാശേഷിക്കപ്പുറത്തുള്ള അറിവിനെയാണ് ഗൈബ് സൂചിപ്പിക്കുന്നത്.[11] ഗൈബിയായ കാര്യങ്ങളെക്കുറിച്ച് നമുക്ക് പഠിക്കാൻ സാധിക്കുന്നത് അല്ലാഹുവിൽ നിന്നുതന്നെയാണ്. അത് അവൻ അവന്റെ ഗ്രന്ഥത്തിലോ അവന്റെ റസൂൽ(ﷺ)ന്റെ സുന്നത്തിലോ അവതരിപ്പിച്ച പ്രകാരം മാത്രമാണ്. അല്ലാഹു പറയുന്നു.

﴿ ۞ وَعِندَهُۥ مَفَاتِحُ ٱلْغَيْبِ لَا يَعْلَمُهَآ إِلَّا هُوَ ﴾ الأنعام: ٥٩

“അവന്റെ പക്കലാകുന്നു മറഞ്ഞകാര്യത്തിന്റെ(ഗൈബ്) ഖജനാവുകൾ. അവനല്ലാതെ അവ അറിയുകയില്ല.” (സൂറ. അൻആം 59)

ഗൈബിയായ അറിവിൽ അല്ലാഹുവിനെ കുറിച്ചുള്ള അറിവും അവന്റെ മലക്കുകൾ, ആകാശലോകങ്ങൾ, സ്വർഗ നരകങ്ങൾ, ജിന്നുകൾ, ഭാവിയിലെയും അതിഭൂതകാലത്തെയും സംഭവങ്ങൾ തുടങ്ങിയവയെ കുറിച്ചുള്ള അറിവും ഉൾപ്പെടും.

ഗൈബിയായ വിഷയങ്ങൾ കൈകാര്യം ചെയ്യുമ്പോൾ താഴെ പറയുന്ന സുപ്രധാന നിയമങ്ങൾ നാം ശ്രദ്ധിക്കണം.

a) ഖുർആനിലും സുന്നത്തിലും പരാമർശിക്കപ്പെട്ട ഗൈബിയായ കാര്യങ്ങൾ മുഴുവനും സ്വീകരിക്കുകയും അതിൽ വിശ്വസിക്കുകയും ചെയ്യണം.

b) ഗൈബിനെ സംബന്ധിച്ച് പ്രമാണങ്ങളിൽ വന്നിട്ടുള്ള വചനങ്ങൾക്ക് മനുഷ്യബുദ്ധിക്കുൾക്കൊള്ളാവുന്ന യഥാർത്ഥ ആശയങ്ങൾ തന്നെയാണുള്ളത്. അല്ലെങ്കിൽ അല്ലാഹു അത് നമുക്ക് പറഞ്ഞുതരില്ലായിരുന്നു. ഉദാഹരണത്തിന്, സ്വർഗത്തിലെ വൃക്ഷങ്ങൾ, പഴങ്ങൾ, അരുവികൾ, ആഭരണങ്ങൾ, വസ്ത്രങ്ങൾ തുടങ്ങി നമുക്കറിയാവുന്ന വസ്തുക്കളെ കുറിച്ചുള്ള വചനങ്ങൾ. അവിടെ പ്രതീക്ഷിക്കാവുന്നതിനെകുറിച്ചുള്ള പൊതുവായ ഒരു ധാരണ ഈ വചനങ്ങൾ നമുക്ക് പ്രദാനം ചെയ്യുന്നുണ്ട്.

[11] ഗൈബിനെ കുറിച്ച് വിശദമായി നാം അടുത്ത ഭാഗത്തിൽ പഠിക്കും.

എങ്കിലും സ്വർഗത്തിന്റെ ശാശ്വതമായ പകിട്ടും ഈ ജീവിതത്തിലെ താൽക്കാലിക ശോഭയും തുലനം ചെയ്യാൻ നമുക്ക് സാധ്യമല്ല.

c) മേൽപറഞ്ഞവക്ക് വിപരീതമായുള്ളതിന് പ്രബലമായ തെളിവില്ലാത്തിടത്തോളം ഗൈബിയായ കാര്യങ്ങൾ വചനങ്ങളുടെ ബാഹ്യമായ ആശയങ്ങൾക്കനുസരിച്ച് മനസ്സിലാക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യേണ്ടതാണ്.

d) മനുഷ്യയുക്തി എന്നത് ഈ ഭൗതിക ലോകത്തിലെ അവന്റെ അനുഭവങ്ങൾക്കനുസരിച്ചുള്ളതാണ്. നമ്മുടെ ലോകത്തിൽ നിന്നും വിഭിന്നമായ ഒന്നാണ് ഗൈബ് എന്നതിനാൽ നമ്മുടെ ഭൗതിക നിയമങ്ങളൊന്നും അതിന് ബാധകമല്ല. അതിനാൽ, ഗൈബിയായ കാര്യങ്ങളിൽ അത്തരം നിയമങ്ങൾ ബാധകമാക്കാൻ നാം ശ്രമിച്ചുകൂടാ.

**2. അല്ലാഹുവിന്റെ വിശേഷണങ്ങളിൽ വിശ്വസിക്കൽ**

ഖുർആനിലും സുന്നത്തിലും പ്രതിപാദിച്ച അല്ലാഹുവിന്റെ നാമ-വിശേഷണങ്ങളിൽ നാം ശരിയായ വിശ്വാസം വെച്ചുപുലർത്തേണ്ടതാണ്. ഈ വിശ്വാസം താഴെ പറയുന്ന പ്രധാന നിബന്ധനകൾക്ക് വിധേയമായിരിക്കണം.

a) അല്ലാഹുവിന്റെ നാമങ്ങളും വിശേഷണങ്ങളും നാം പൂർണമായും സ്വീകരിക്കണം.

b) അല്ലാഹുവിന്റെ മുഴുവൻ നാമ-വിശേഷണങ്ങൾക്കും യഥാർത്ഥ അർത്ഥങ്ങളുണ്ട്.

c) അല്ലാഹുവിന്റെ വിശേഷണങ്ങളെല്ലാം സമ്പൂർണമാണ്.

d) അല്ലാഹുവിന്റെ നാമ-വിശേഷണങ്ങൾ അവന്റെ ഏതെങ്കിലും സൃഷ്ടികളുടേത് പോലെയല്ല.

e) അല്ലാഹുവിന്റെ നാമ-വിശേഷണങ്ങൾ ഗൈബിയായ അറിവിന്റെ ഭാഗമായതിനാൽ, അവ 'كَيْفَ'(എങ്ങനെ) എന്ന ചോദ്യം കൂടാതെ സ്വീകരിക്കണം. അതായത് നമ്മുടെ പരിമിതമായ അറിവ് ഉപയോഗിച്ച് അതിനെ വ്യാഖ്യാനിക്കാൻ ശ്രമിക്കാവതല്ല.

ഖദറിന്റെ ചർച്ചയിൽ വളരെ പ്രസക്തമായ അല്ലാഹുവിന്റെ വിശേഷണങ്ങളിൽ ചിലത് താഴെ കാണുന്നവയാണ്.

* അറിവ് - العَلِيم 'അൽ അലീം' (എല്ലാം അറിയുന്നവൻ) എന്ന അവന്റെ നാമം പ്രതിനിധാനം ചെയ്യുന്നത്.

* നീതി- الدَّيان 'അദ്ദയ്യാൻ' (പരമാധികാരിയും വിധികർത്താവും) എന്ന അവന്റെ നാമം പ്രതിനിധാനം ചെയ്യുന്നത്.

* ജ്ഞാനം- الحَكِيم 'അൽഹകീം' (തത്വജ്ഞാനി) എന്ന അവന്റെ നാമം പ്രതിനിധാനം ചെയ്യുന്നത്.

* കഴിവ് - القَدِير'അൽഖദീർ' (കഴിവുള്ളവൻ) എന്ന അവന്റെ നാമം പ്രതിനിധാനം ചെയ്യുന്നത്.

**3. നമ്മുടെ ബുദ്ധിയുടെ പരിമിതിയെ അംഗീകരിക്കുക**

നാം നമ്മുടെ രക്ഷിതാവിന്റെ കർമ്മങ്ങൾ ചോദ്യം ചെയ്യുകയോ, നമ്മുടെ ബുദ്ധിവൈഭവത്തെ അമിതമായി വിലമതിക്കുകയോ ചെയ്യരുത്. അല്ലാഹുവിനാണ് നമ്മെ- അതായത്, അവന്റെ പ്രജകളെ- ചോദ്യം ചെയ്യാനുള്ള പൂർണ അധികാരമുള്ളത്. അല്ലാഹു പറയുന്നു.

﴿ لَا يُسْـَٔلُ عَمَّا يَفْعَلُ وَهُمْ يُسْـَٔلُونَ ﴿٢٣﴾ ﴾ الأنبياء: ٢٣

"അവൻ പ്രവർത്തിക്കുന്നതിനെപ്പറ്റി ചോദ്യം ചെയ്യപ്പെടുകയില്ല. അവരാകട്ടെ, ചോദ്യം ചെയ്യപ്പെടുന്നതുമാണ്." (സൂറ. അൽ അമ്പിയാഅ് 23)

നമ്മുടെ ധിഷണാശക്തിയെ ശോഷിപ്പിക്കുകയും നമ്മുടെ ബുദ്ധിയെ അതിശയിപ്പിക്കുകയും ചെയ്യുന്ന ഒരു വിഷയം നമുക്ക് മുമ്പിൽ വന്നാൽ, അല്ലാഹുവിന്റെ മാർഗനിർദേശങ്ങൾക്കു മുന്നിൽ തോൽവി സമ്മതിക്കാനും അതിൽ പൂർണമായും കീഴൊതുങ്ങാനും നാം സന്നദ്ധരാവണം. വിശിഷ്യാ, മനുഷ്യ ബുദ്ധിയെ എന്നും ചോദ്യം ചെയ്തിട്ടുള്ള ഖദറുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുമ്പോൾ പ്രത്യേകിച്ചും.

വിശ്വാസപരമായ കാര്യങ്ങളിൽ നമ്മുടെ പരിമിതികൾ തിരിച്ചറിയുന്നത് അജ്ഞതയെയല്ല. പ്രത്യുത, യഥാർത്ഥമായ അറിവിനെയാണ് പ്രതിഫലിപ്പിക്കുന്നത്. അബൂജഅ്ഫർ അത്വഹാവി(رحمه الله), മതപരമായ അറിവിനെ രണ്ടായി തിരിച്ചു:

1) ദിവ്യബോധനത്തിലൂടെ ജനങ്ങൾക്ക് ലഭിക്കുന്ന അറിവ്. ഈ അറിവിനെ നിഷേധിക്കുന്നത് അല്ലാഹുവിന്റെ അദ്ധ്യാപനങ്ങളെ നിഷേധിക്കലാണ്.

2) ഒരിക്കലും ജനങ്ങൾക്ക് നൽകപ്പെട്ടിട്ടില്ലാത്ത അറിവ്. ഈ അറിവിനെ കുറിച്ച് ഊഹിക്കുന്നതും അതിൽ മുഴുകുന്നതും വ്യക്തമായ അതിക്രമമാണ്.[12]

## 4. ഖദറിനെകുറിച്ചുള്ള തർക്കങ്ങൾ ഒഴിവാക്കൽ

ഖദർ എന്നത് തികച്ചും വിശ്വാസപരമായ ഒരു വിഷയമാണ്. അതിലെ പല രഹസ്യങ്ങളും നമുക്ക് വെളിപ്പെടുത്തി തന്നിട്ടില്ല. അതിനാൽ, അതിലെ നിഗൂഢമായ കാര്യങ്ങളെ കുറിച്ച് വാഗ്വാദങ്ങളിലേർപ്പെടുന്നത് നാം ഒഴിവാക്കുക തന്നെ വേണം. അത്തരം വാഗ്വാദങ്ങൾ അബദ്ധങ്ങളിലേക്ക് നയിക്കും. ഈ മേഖലയിലുള്ള അബദ്ധങ്ങൾ നിസ്സാരമായി ഗണിക്കാവുന്നതുമല്ല.

അബ്ദുല്ല ഇബ്നു മസ്ഊദ്(رضي الله عنه) നിവേദനം: നബി(ﷺ) പറഞ്ഞു:

إِذَا ذُكِرَ أَصْحَابِي فَأَمْسِكُوا ، وَإِذَا ذُكِرَتِ النُّجُومُ فَأَمْسِكُوا ، وَإِذَا ذُكِرَ الْقَدَرُ فَأَمْسِكُوا

"എന്റെ അനുചരന്മാരെക്കുറിച്ച് (ആരോപണം) പറയപ്പെട്ടാൽ, നിങ്ങൾ മാറിനിൽക്കുക; നക്ഷത്രങ്ങളെ (ജ്യോതിഷം) കുറിച്ച് പറയപ്പെട്ടാൽ, നിങ്ങൾ മാറിനിൽക്കുക; ഖദറിനെ കുറിച്ച് (പ്രമാണബദ്ധമല്ലാതെ) പറയപ്പെട്ടാൽ, നിങ്ങൾ മാറി നിൽക്കുക."[13]

അബൂഹുറയ്റ(رضي الله عنه) നിവേദനം: ഒരിക്കൽ നബി(ﷺ) പള്ളിയിലേക്ക് കയറി വരുമ്പോൾ തന്റെ അനുചരന്മാർ ഖദറിന്റെ കാര്യത്തിൽ തർക്കിച്ചുകൊണ്ടിരിക്കുന്നതാണ് അവിടുന്ന് കണ്ടത്. നബി(ﷺ) കോപിച്ചു. ഇരുകവിളും ഉറുമാൻപഴത്തിന്റെ കുരു കുത്തിപ്പിഴിഞ്ഞതുപോലെ അവിടുത്തെ മുഖം ചുവപ്പുവർണമായി. എന്നിട്ടു പറഞ്ഞു:

أَبِهَذَا أُمِرْتُمْ أَمْ بِهَذَا أُرْسِلْتُ إِلَيْكُمْ إِنَّمَا هَلَكَ مَنْ كَانَ قَبْلَكُمْ حِينَ تَنَازَعُوا فِي هَذَا الأَمْرِ عَزَمْتُ عَلَيْكُمْ أَلاَّ تَتَنَازَعُوا فِيهِ

"ഇപ്രകാരമാണോ നിങ്ങളോട് കൽപിക്കപ്പെട്ടിരിക്കുന്നത്? അതോ, ഇതുമായിട്ടാണോ ഞാൻ നിങ്ങളിലേക്ക് അയക്കപ്പെട്ടിരിക്കുന്നത്? നിങ്ങളുടെ മുമ്പുള്ളവർ നാശമടഞ്ഞത് അവർ ഇക്കാര്യത്തിൽ (ഖദറിന്റെ കാര്യത്തിൽ) ഭിന്നിച്ചപ്പോഴായിരുന്നു. ഞാൻ നിങ്ങളോട് തീർത്തുപറയുന്നു: നിങ്ങൾ ഈ വിഷയത്തിൽ ഭിന്നിച്ചുപോകരുത്."[14]

ഇതേ സംഭവം റിപ്പോർട്ട് ചെയ്തുകൊണ്ട് അബ്ദുല്ല ഇബ്നു അംറ്(رضي الله عنه) നിവേദനം: നബി(ﷺ) പറഞ്ഞു:

---

[12] ശർഹുത്വഹാവിയ്യ, പേ 262

[13] ത്വബ്റാനി, അബൂനുഐം തുടങ്ങിയവരും മറ്റും ഉദ്ധരിച്ചത്. അൽബാനി സ്വഹീഹാണെന്ന് ഉറപ്പ് വരുത്തി (അസ്സ്വഹീഹ 34)

[14] തിർമിദി, അൽബാനി ഹസൻ എന്ന് പറഞ്ഞു (അൽമിശ്കാത്ത്: 95)

مَا لَكُمْ تَضْرِبُونَ كِتَابَ اللهِ بَعْضَهُ بِبَعْضٍ ؟ بِهَذَا هَلَكَ مَنْ كَانَ قَبْلَكُمْ

"നിങ്ങളെന്തിനാണ് അല്ലാഹുവിന്റെ ഗ്രന്ഥത്തിലെ ചില ഭാഗങ്ങളെ പരസ്പരം വൈരുദ്ധ്യമുള്ളതാക്കുന്നത്? ഇങ്ങനെയാണ് നിങ്ങളുടെ മുമ്പുള്ളവർ നാശമടഞ്ഞത്"[15]

ത്വഹാവി(رحمه الله) പറഞ്ഞു: "തന്റെ സൃഷ്ടികൾക്കിടയിലുള്ള അല്ലാഹുവിന്റെ രഹസ്യമാണ് ഖദർ. തന്റെ സമീപത്തുള്ള മലക്കിനോ, താൻ അയച്ച പ്രവാചകനോ അവൻ അത് അറിയിച്ചുകൊടുത്തിട്ടില്ല. അതിലേക്ക് ചൂഴ്ന്നിറങ്ങുന്നത് പരാജയത്തിനും നാശത്തിനും അതിരുകവിച്ചിലിനും വഴിവെക്കും."[16]

അബൂഹുറയ്റ(رضي الله عنه) നിവേദനം: ചില സ്വഹാബികൾ നബി(ﷺ)യോട് പറഞ്ഞു: "(പുറത്തു) പറയാൻ ബുദ്ധിമുട്ടുള്ള ചില ചിന്തകൾ നമ്മുടെ മനസ്സിൽ വരാറുണ്ട്." നബി ചോദിച്ചു: "നിങ്ങൾക്ക് അത് യഥാർത്ഥത്തിൽ അനുഭവപ്പെടാറുണ്ടോ?". അവർ പറഞ്ഞു: "അതേ," അപ്പോൾ നബി(ﷺ) പറഞ്ഞു:

ذَاكَ صَرِيحُ الإِيمَانِ

"അത് ഈമാനിന്റെ വ്യക്തമായ തെളിവാണ്."[17]

ഈ ഹദീഥിൽ ഖദറിന്റെ സൂക്ഷ്മമായ കാര്യങ്ങളെ കുറിച്ച് ചർച്ച ചെയ്യാനുള്ള തന്റെ അനുചരന്മാരുടെ വൈമനസ്യത്തെ അവരുടെ ഈമാനിന്റെ വ്യക്തമായ തെളിവായിട്ടാണ് നബി(ﷺ) കണക്കാക്കിയത്. ഇതുതന്നെയായിരിക്കണം നമ്മുടെയും നിലപാട്.

തുടരം… ان شاء الله

15 ഇബ്നുമാജ, അഹ്മദ്. അൽബാനി ഹസൻ ആയി വിധിച്ചു. – മിശ്കാത്ത് 95, അസ്സുന്ന 406

16 ശർഹുത്ത്വഹാവിയ്യ, പേ. 249

17 മുസ്ലിം, അഹ്മദ്

## അനുബന്ധം 01

## ജിബ്‌രീലിന്റെ ഹദീഥ് (حديث جبريل)

عُمَرُ بْنُ الْخَطَّابِ قَالَ بَيْنَمَا نَحْنُ عِنْدَ رَسُولِ اللَّهِ -ﷺ- ذَاتَ يَوْمٍ إِذْ طَلَعَ عَلَيْنَا رَجُلٌ شَدِيدُ بَيَاضِ الثِّيَابِ شَدِيدُ سَوَادِ الشَّعَرِ لاَ يُرَى عَلَيْهِ أَثَرُ السَّفَرِ وَلاَ يَعْرِفُهُ مِنَّا أَحَدٌ حَتَّى جَلَسَ إِلَى النَّبِيِّ -ﷺ- فَأَسْنَدَ رُكْبَتَيْهِ إِلَى رُكْبَتَيْهِ وَوَضَعَ كَفَّيْهِ عَلَى فَخِذَيْهِ وَقَالَ يَا مُحَمَّدُ أَخْبِرْنِى عَنِ الإِسْلاَمِ. فَقَالَ رَسُولُ اللَّهِ -ﷺ- « الإِسْلاَمُ أَنْ تَشْهَدَ أَنْ لاَ إِلَهَ إِلاَّ اللَّهُ وَأَنَّ مُحَمَّدًا رَسُولُ اللَّهِ وَتُقِيمَ الصَّلاَةَ وَتُؤْتِىَ الزَّكَاةَ وَتَصُومَ رَمَضَانَ وَتَحُجَّ الْبَيْتَ إِنِ اسْتَطَعْتَ إِلَيْهِ سَبِيلاً. قَالَ صَدَقْتَ. قَالَ فَعَجِبْنَا لَهُ يَسْأَلُهُ وَيُصَدِّقُهُ. قَالَ فَأَخْبِرْنِى عَنِ الإِيمَانِ. قَالَ « أَنْ تُؤْمِنَ بِاللَّهِ وَمَلاَئِكَتِهِ وَكُتُبِهِ وَرُسُلِهِ وَالْيَوْمِ الآخِرِ وَتُؤْمِنَ بِالْقَدَرِ خَيْرِهِ وَشَرِّهِ ». قَالَ صَدَقْتَ. قَالَ فَأَخْبِرْنِى عَنِ الإِحْسَانِ. قَالَ « أَنْ تَعْبُدَ اللَّهَ كَأَنَّكَ تَرَاهُ فَإِنْ لَمْ تَكُنْ تَرَاهُ فَإِنَّهُ يَرَاكَ ». قَالَ فَأَخْبِرْنِى عَنِ السَّاعَةِ. قَالَ « مَا الْمَسْئُولُ عَنْهَا بِأَعْلَمَ مِنَ السَّائِلِ ». قَالَ فَأَخْبِرْنِى عَنْ أَمَارَتِهَا. قَالَ « أَنْ تَلِدَ الأَمَةُ رَبَّتَهَا وَأَنْ تَرَى الْحُفَاةَ الْعُرَاةَ الْعَالَةَ رِعَاءَ الشَّاءِ يَتَطَاوَلُونَ فِى الْبُنْيَانِ ». قَالَ ثُمَّ انْطَلَقَ فَلَبِثْتُ مَلِيًّا ثُمَّ قَالَ لِى « يَا عُمَرُ أَتَدْرِى مَنِ السَّائِلُ ». قُلْتُ اللَّهُ وَرَسُولُهُ أَعْلَمُ. قَالَ « فَإِنَّهُ جِبْرِيلُ أَتَاكُمْ يُعَلِّمُكُمْ دِينَكُمْ »

ഉമർ(رضي الله عنه) നിവേദനം: പ്രവാചക(ﷺ)നോടൊത്ത് ഞങ്ങൾ ഒരു ദിവസം ഇരിക്കവെ, തൂവെള്ള വസ്ത്രം ധരിച്ച് കറുത്തിരുണ്ട മുടികളുള്ള ഒരാൾ പ്രത്യക്ഷപ്പെട്ടു. ഞങ്ങളിലാർക്കും അദ്ദേഹത്തെ പരിചയമില്ല. മാത്രമല്ല അദ്ദേഹത്തിൽ യാത്രയുടെ ഒരു ലക്ഷണവുമില്ല. അങ്ങനെ അദ്ദേഹം കയറി വന്ന് പ്രവാചകന്റെയടുത്ത്, സ്വന്തം കാൽമുട്ടുകൾ അവിടുത്തെ കാൽമുട്ടിനോട് ചേർത്ത് കൈകൾ തുടയിൽ വെച്ച്കൊണ്ട് ഇരുന്നു. എന്നിട്ട് ചോദിച്ചു: "അല്ലയോ മുഹമ്മദേ, എന്താണ് ഇസ്‌ലാം എന്ന് പറഞ്ഞുതരിക?" അപ്പോൾ പ്രവാചകൻ(ﷺ) പറഞ്ഞു: "ഇസ്‌ലാം എന്നത് അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ലെന്നും മുഹമ്മദ് അവന്റെ ദൂതനാണെന്നും നീ സാക്ഷ്യപ്പെടുത്തലും നമസ്കാരം നിലനിർത്തലും നിർബന്ധ ദാനമായ സകാത്ത് കൊടുക്കലും റമദാൻ മാസത്തിൽ വ്രതം അനുഷ്ഠിക്കലും കഴിയുമെങ്കിൽ മക്കയിൽ പോയി പരിശുദ്ധ ഹജ്ജ് കർമം നിർവ്വഹിക്കലുമാണ്." അപ്പോൾ അദ്ദേഹം പറഞ്ഞു, "താങ്കൾ സത്യം പറഞ്ഞു". അദ്ദേഹം തന്നെ ചോദിക്കുകയും സത്യപ്പെടുത്തുകയും ചെയ്യുന്നത് കണ്ടപ്പോൾ ഞങ്ങൾക്ക് അത്ഭുതമായി.

അദ്ദേഹം വീണ്ടും ചോദിച്ചു: "എന്താണ് ഈമാൻ എന്ന് പറഞ്ഞുതരിക?" അപ്പോൾ പ്രവാചകൻ(ﷺ) പറഞ്ഞു: "ഈമാൻ എന്നാൽ അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ വേദഗ്രന്ഥങ്ങളിലും അവന്റെ പ്രവാചകന്മാരിലും അവസാന നാളിലും ഖദറിലും- അതിന്റെ നന്മയിലും തിന്മയിലും- വിശ്വസിക്കലാണ്." അദ്ദേഹം പറഞ്ഞു: "നീ സത്യം പറഞ്ഞു"

അദ്ദേഹം വീണ്ടും ചോദിച്ചു: "ഇഹ്സാൻ എന്താണെന്ന് നീ പറഞ്ഞുതരിക?" അവിടുന്ന് പറഞ്ഞു: "അല്ലാഹുവിനെ കാണുന്നത് പോലെ നീ അവനെ ആരാധിക്കുക, നീ അവനെ കാണുന്നില്ലെങ്കിലും അവൻ നിന്നെ കാണുന്നുണ്ട്."

അദ്ദേഹം ചോദിച്ചു: "അന്ത്യനാളിനെ കുറിച്ച് പറഞ്ഞുതരിക?" അവിടുന്ന് പറഞ്ഞു: "ചോദിക്കപ്പെട്ടവൻ ചോദിച്ചവനേക്കാൾ ഈ വിഷയത്തിൽ അറിവുള്ളവനല്ല." അപ്പോൾ അദ്ദേഹം പറഞ്ഞു: "എന്നാൽ അതിന്റെ അടയാളങ്ങളെപ്പറ്റി പറഞ്ഞുതരിക?" പ്രവാചകൻ(ﷺ) പറഞ്ഞു: "അടിമസ്ത്രീ തന്റെ യജമാനത്തിയെ പ്രസവിക്കലാകുന്നു. നഗ്നപാദകരും ആട്ടിടയന്മാരും പാവപ്പെട്ടവരും കെട്ടിടങ്ങളിൽ പരസ്പരം മത്സരിക്കുക എന്നിവ അതിന്റെ അടയാളങ്ങളിൽ പെട്ടതാണ്."

തുടർന്ന് അദ്ദേഹം അവിടെ നിന്നും അപ്രത്യക്ഷനായി. ഞാൻ അൽപനേരം അവിടെത്തന്നെ ചെലവഴിച്ചു. ശേഷം പ്രവാചകൻ ചോദിച്ചു: "അല്ലയോ ഉമറേ, അതാരാണെന്ന് നിനക്കറിയാമോ?" ഞാൻ പറഞ്ഞു: "അല്ലാഹുവും അവന്റെ ദൂതരുമാണ് ഏറ്റവും അറിയുന്നവൻ" അപ്പോൾ പ്രവാചകൻ(ﷺ) പറഞ്ഞു: "നിങ്ങൾക്ക് നിങ്ങളുടെ മതം പഠിപ്പിച്ചുതരുവാൻ വേണ്ടി വന്ന ജിബ്‌രീൽ ആകുന്നു അത്." (മുസ്‌ലിം: 102)